

രജത താരകം 2020.....
ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ
സെന്റ് ആന്റണീസ് എച്ച്.എസ്.കോയിവിള
little KITEs


ST ANTONY'S H.S , KOIVILA

## ഉള്ളടക്കം


ആശംസ........4
എഡിറ്റോറിയൽ........5
ലിറ്റിൽ കൈറ്റസ് 2019-2020-------........6
പ്രഭാതം........7
ഗുരുനാഥ........8
ഭാരത മക്കൾ നാമെല്ലാം........9
മൗനം........12
മിനികഥ........13
ആത്മാർഥത........13
ജനറൽ ക്വിസ്........15
സ്നേഹം........16
കൊച്ചു കൂട്ടുകാരുടെ ചിത്രരചന........17
സുഹൃത്തുക്കൾ........18
ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട........20
കടങ്കഥകൾ........21
ഗുരുനാഥൻ........22
ജെ.അർ.സി........23
Merits Awards....2018-2019........24
സേഫ്റ്റിക്ലബ്........25
സ്കൂൾ കലോത്സവം........26
പ്രതിഭയോടൊപ്പം ശിശുദിനത്തിൽ ........27
പഠനയാത്ര........28
കായികം........29
അധ്യാപക ദിനം........30
അമ്മമാർക്കുള്ള പരിശീലനം........31
എഡിറ്റോരിയൽ ബോർഡ്........32
നന്ദി........33


# ആശംസ



**ഇൻഫർമേഷൻ ടെക്നോളജി രംഗത്തേക്കുള്ള കുട്ടികളുടെ പുതിയ കാൽവെപ്പാണ് ലിറ്റിൽ കൈറ്റ്സ്. കൊച്ചുകുട്ടികളുടെ ഐ ടി രംഗത്തുള്ള സർഗ വാസനകൾ കണ്ടെത്തി അവരുടെ ഭാവനകളെ ഈ ഒരു സംരംഭത്തിലൂടെ പ്രതിഫലിപ്പിക്കാൻ കഴിയുമെന്നു ഞാൻ മനസ്സിലാക്കുന്നു .എല്ലാ കൊച്ചുകൂട്ടുകാർക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ.....**

ഹെഡ് മാസ്റ്റർ

ശ്രീജെയിംസ് ജോൺ



# എഡിറ്റോറിയൽ

പ്രീയ കൂട്ടുകാരേ,

പാഠാലയത്തിലേ വീക്ഷപണതറകളിൽ നിന്നും ആർജിച്ചെടുത്തവ ആവാഹിച്ച് വ്യക്തിയും സമൂഹവുംവിജയത്തിന്റെ പുരോഗതിയുടെ അനന്തയിലേക്ക് കുതിച്ചുയരുന്ന .കിഴക്കിന്റെ പാദുവായിൽ പ്രകാശഗോപുരമായി നിലകൊള്ളുന്ന ഈ വിദ്യാലയത്തിലെ ഒരു പറ്റം പ്രതിഭകളുടെ ചിന്തകളുംഭാവനയും പ്രതീകവും രജത താരകത്തിൽ പ്രതിഭലിക്കുന്നു. വിജ്ഞാന വിസ്ഫോടനത്തിന്റെ ഹൈടെക്കാലഘട്ടത്തിൽ തിരിച്ചറിവിന്റെ പാദയിലേക്ക് നയിക്കാൻ, നവ സമൂഹം വാർത്തെടുക്കൻ ഇവർക്ക് കഴിയട്ടെ

സ്നേഹത്തോടേ

എഡിറ്റർ

# ലിറ്റിൽ  കൈറ്റസ് 2019-2020-------



കവിത



# പ്രഭാതം

**പുലർവേളയിൽ ഞാനെന്റെ**

വീടിൻമുറ്റത്തു നിൽക്കുമ്പോൾ എൻ
മനസ്സിലാകവേ ഉണർന്നു പുതിയൊരുഉന്മേഷം
ഉദിച്ചുയരുന്ന സൂര്യൻ
ഇലകളിൽ തങ്ങുന്ന മഞ്ഞുതുള്ളി
ആ മഞ്ഞുതുള്ളികളിൽ
വീണ്ടും ഒരു കുഞ്ഞു സുര്യന്യദിക്കുന്നു
ചെടികൾക്കുള്ളൊരുന്മേഷം
കിളികൾ തൻ കളകളസ്വരം
എല്ലാം കണ്ടപ്പോഴെനിയ്ക്കു.
പറായാനാവാത്ത ഒരു ഉന്മ.

അഥീന. 9A

കവിത



# ഗുരുനാഥ

ആദ്യമായ് അക്ഷരം ചോല്ലി
പഠിപ്പിച്ച ഗുരുനാഥണെന്റെയമ്മ
അമ്മയായ് പിന്നെ ഗുരുനാഥയായ്
എന്നെ നന്നായി പോറ്റി വളളത്തിയമ്മ
സ്നേഹമായ് അമ്മതൻ പൂഞ്ചിരിക്കെന്തഴക്ക്
ഒരുപാട് സങ്കടമുളളിൽ ഒളുക്കികഴിയുന്ന
ഒരമ്മയാണ് എൻെറയമ്മ
ആരോടും വേണ്ട പരിഭവമെന്നോതി
പുഞ്ചിരിയക്കാൻ പഠിപ്പിച്ചോരമ്മ
എന്തു ചെയ്യതാലും,എന്തു പറഞ്ഞാലും
അമ്മതൻ സ്നേഹമാണ് എനിക്കേറെ ഇഷ്ടം
എൻ അമ്മതൻ സ്നേഹമാണ്എനിക്കേറെ ഇഷ്ടം.

വിഷ്ണുപ്രിയ 9A

കവിത



# ഭാരത മക്കൾ നാമെല്ലാം

ഭാരത മക്കൾ നാമെല്ലാം
ഒന്നിച്ചൊന്നയ് കൈകോർക്കാം
നേരാം നല്ലൊരു ആശംസ
സ്വതന്ത്ര്യത്തിൻ ആശംസ
വർണ്ണ വർഗ്ഗ വിവേചനങ്ങൾ
ഇല്ലാതൊന്നായ് വളർന്നീടാം
കാത്തീടാം ആ സംസ്കാരം
നമ്മുടെ നാടിൻ ഏകത്വം
ഭാരത മക്കൾ നാമെല്ലാം
ഒന്നിച്ചൊന്നായ് നമിച്ചീടാം
മഹാത്മാവാകും ഗാന്ധിജിയെ

ആനിമോൾ 9A

കഥ



# നിലാവിൽ ഒരു പൂവ്

അന്നേദിവസം മഴ ഏറെ ശോഭിച്ചിരുന്നു. അതുകൊണ്ട് തന്നെ സമയം വൈകുന്നകിനു ഏറെ മുൻപ് തന്നെ നേരം ഇരുട്ടിയിരുന്നു മഴ ഞാൻ ഏറെ നന്നായി തന്നെ ആസ്വദിച്ചുകൊണ്ടിരിന്നപ്പോളാണ് അമ്മൂന്റെ വിളി വന്നത് .പെട്ടെന്ന ഒരു ഞെട്ടലോടെയാണ് ഞാൻ ആ വിളിക്ക് മറുപടി നൽകിയത്. അമ്മു അവളെന്റെ അനുജത്തിയോണ് രാത്രികാലത്തെ ട്യൂഷനുവേണ്ടി ട്യൂഷൻസെന്ററിൽ കൊണ്ടാകുന്നതിനുവേണ്ടിയായിരുന്നു ആ വിളി.വീട്ടിൽ അച്ഛൻ ഇല്ലാത്തതുകൊണ്ട് തന്നെ ഇങ്ങനെയുള്ളകാര്യങ്ങൾ നിർവഹിക്കുക എന്നത് എന്റെയൊരു ചുമതലയായിരുന്നു.ആകാശത്തിൽ നിറയെ കാർമേഘങ്ങൾ മൂടിയിരന്നെങ്കിലും ചന്ദ്രനിലാവ് നേരീയരീതീയിൽ പുഴയിൽ പതിച്ച് മഴയത്ത് പ്രതിപതിക്കുന്നുണ്ടായിരുന്നു.ആ നിലാവിൽ അതിമനോഹരമായ ഒരുപാട് കാഴ്ച കാണാൻസാധിക്കും. അങ്ങനെയൊരിക്കൽ ഒരു മഴദിവസം തന്നെ.നല്ല നിലാവുള്ള രാത്രിയിൽ ഞാൻ അമ്മൂനെ കൊണ്ട് ട്യൂഷൻസെന്ററിൽ പോയപ്പോളാണ്ആ അതിമനോഹരമായ കാഴ്ച ഞാൻ കണ്ടത്.ഞാൻ ഒരു 17 വയസ്സുക്കാരൻ ആയതുകൊണ്ട് തന്നെ വികാരവിചാരത്തോടെ ജീവിതം മുന്നോട്ട്

നയിക്കുകയായിരുന്നു ചെയ്തിരുന്നത് അവളെ കണ്ടപ്പോളാണ് ഞാൻ ആ യാത്രയിൽ ഒരു അർത്ഥം കണ്ടെത്താൻ തുടങ്ങിയത്. അനിയത്തി അമ്മുവിനെയും അമ്മയെയും മാറ്റി നിർത്തി കഴിഞ്ഞാൽ മൂന്നാമത് ഒരു പെണ്ണ് ആദ്യമായിട്ടാണ് എന്റെ ജീവിതത്തിലേക്ക് കടന്നുവരുന്നത് .ആ നിലാവിൽ രാത്രിയിൽ മഴയും നനത്ത് പുഴയോരത്ത് നിന്ന്  വെറുതെ താമരകളോട് സംസാരിച്ച് രസിച്ചുകൊണ്ടിരിക്കുന്ന അവളെ കണ്ടപ്പോൾ എനിക്ക് എന്തോ ഒരു ഭ്രാന്തമായ സ്നേഹമാണ് അവളോട് തോന്നിയത്.വികാരഭരിതമായ ആനിലാവിൽ രാത്രിയിൽ അവളെ കണ്ടപ്പോൾ ഞാൻ പോലും അറിയാതെ ആകാശത്ത് പൂത്തുലഞ്ഞ് നിന്ന് ഒരുകൂട്ടം നക്ഷത്രങ്ങളെ അവൾക്ക് സമ്മാനിച്ച്  ഞാൻ എന്റെ പ്രണയം അവൾക്ക് കൈമാറികഴിഞ്ഞിരുന്നു.കൺമഷി പടർന്ന് ഈറനണിഞ്ഞപ്പോലെ തോന്നിക്കുംവിധം ഉള്ള കണ്ണുകളും .മഴയത്ത് നനഞ്ഞ കുതിർന്ന നീണ്ട നിവർന്ന മുടിയെയും ഒരു ശംഖുപുഷ്പത്തോട് ഉപമിക്കാൻ സാധിക്കും. അവളെ അവൾ പോലുംഅറിയാതെ ഞാൻ നോക്കികണ്ടിരുന്നത് ഈ ശംഖുപുഷ്പച്ചെടിയുടെയും പൂക്കളുടെയും ഇടയിൽ കൂടിയായിരുന്നു. അങ്ങനെ മഴക്കാലം  തീരുകയും  നിലാവ് മങ്ങുകയും ചെയ്തിരുന്നു,its ഒരു രാത്രിയിൽ അവളോട് ഉള്ള അഗാധമായ എന്റെ ഈ സ്നേഹം തുറന്ന് പറയാൻ തിരുമാനിച്ച ഞാൻ ചെന്നപ്പോളാണ് ഞാൻ കണ്ടിരുന്ന ശംഖപുഷ്പച്ചെടികളും ആ പെൺകുട്ടിയും ആ പ്രദേശത്ത് ഇല്ലാ എന്നിരുന്ന ഒരു സത്യം ഞാൻ അറിഞ്ഞത് മനുഷ്യന് സുഹൃത്ത്ബന്ധങ്ങൾ ചങ്ങാതിമാരില്ലാത്തതാണ് ജീവിതത്തിലെഏറ്റവും വലിയ ഒറ്റപ്പെടൽ .കാരണം സുഹൃത്തുകൾ നമുക്ക് ആത്മവിശ്വാസവും ധൈര്യവും നൽകുന്നു.

ജോസ്ന 10B..

കവിത



# മൗനം

ഒഴുകുന്ന രാവിന്റെ കനലിന്റെ കൂട്ടായി എരിയുന്നതാണെന്റെ ജന്മം
പ്രണയസൗഗന്ധികം വിരിയുന്നരാവിന്റെ ഇതളായി മാറിയെൻ മൗനം
ഒരു കൊച്ച് കാറ്റായി വിരിയുന്ന എൻ  മൗനത്തെ പ്രണയമായി  മാറ്റുന്ന  ജന്മം.
നൈരാശ്യങ്ങൾ കവിതയായി മാറുന്ന കനലിന്റെ കഥയാണ് മൗനം .
മൗനം അകന്ന നീ ഒരു പൂവ് പോലെ എൻഹൃദയത്തിൽ വിരിഞ്ഞു
ആ വിരിയുന്ന പൂവിനെ എന്റെ സ്വന്തം അയി ഞാൻ കരുതുന്നപൊലിയുന്ന
പ്രാണന്റെ  പിടയുന്ന കഥയാണ് മൗനം....
നിറം ഉള്ള പൂക്കളിൽനിന്നുംനുകരുന്ന തേൻ പോലെയാണെൻ മൗനം
വാക്കിനായുള്ള പിടയുന്ന ഈറനായി മാറിയെൻ ജന്മം......  എൻ ജന്മം ഒരു
മൗനം ആയി മാറുന്നു.

എബിൻ 9A

**മിനികഥ**

# ആത്മാർഥത

ഒരിടത്ത് ഒരിടത്ത് ഒരു പാവപ്പെട്ട മനുഷ്യൻ ജീവിച്ചിരുന്നു..തൻെറ തൊഴിലിൽ ആത്മാർഥത കാണിച്ച ഒരു വ്യക്തിയായിരുന്നു. തൻെറ മുതലാളിക്ക് വേണ്ടി ജോലി സംബന്ധമായ കാര്യത്തിന് പുറത്ത്പോയി ഒരാളുടെ കൈയ്യിൽ നിന്ന് ഒപ്പ് വാങ്ങാൻ ദൂരദേശത്തെക്ക് പോകുമായിരുന്നു. മുതലാളി യാത്ര ചിലവിന് കുറച്ച് പണം അദ്ദേഹത്തിന് നൽകി. അതുമായി യാത്ര പുറപ്പെട്ടു. ഒരു പാവപ്പെകുട്ടി ഭിക്ഷതെണ്ടുന്നത് അദ്ദേഹം കണ്ടു ആ പണം ആ കുട്ടിക്ക് കൊടുത്തു.ഒപ്പ് വാങ്ങി തിരിച്ച് അയാൾ നാട്ടിൽവന്നു ആഒപ്പിൽ നിന്ന് വലിയ ഒരു തൊഴിൽ ബിസിനസ്സ് മുതലാളിക്ക് കിട്ടി അതുകൊണ്ട് ഒപ്പ് വാങ്ങികൊണ്ടുവന്നയാൾക്ക് അതിൽ നിന്ന് ഒരു ശതമാനം വീതം നൽകി അതുകൊണ്ട് അദ്ദേഹമ സുഖമായി ജീവിച്ചു

ഗുണപാഠം

ആത്മാർഥത ഉണ്ടങ്കിൽ ദൈവം നമ്മെ സഹായിക്കും

ജിപ്സ 9A

# ഐ.ടി. ക്വിസ്

1.കമ്പ്യൂട്ടറികളെക്കുറിച്ചുള്ള നിർണായകമായ ഒരു പ്രവചനമാണ് മൂർ സിദ്ധാന്തം ആരാണ് ഈ പ്രവചനം നടത്തിയത്?

-ഗോർഡൻ മൂർ

2.ഡിപ്പബ്ലൂ, ബ്ലൂ ജീൻ എന്നിവ എന്താണ്?

-സൂപ്പർ കമ്പ്യൂട്ടർ (ഐ.ബി.എം. നിർമ്മിച്ചത്)?

3.എവിടെയാണ് മൈക്രോ പ്രോസസർ നിർമാണം രംഗത്തെ അതികായരായ ഇന്റലിന്റ ആസ്ഥാനം?

-കാലിഫോർണിയയിലെ സാന്താക്ലാരാ.

4.പ്രശസ്തമായ ഇന്റർനെറ്റ് വിലാസങ്ങൾ തന്ത്രപൂർവ്വം രജിസ്റ്റർ ചെയ്തശേഷം വിലപേശുന്ന ഇടപാടിന്റ പേര്?

-സൈബർ സ്ക്വാറ്റിംഗ്

5.ഏതുതരം ഇടപാടുകൾക്കാണ് ടാലി ഉപയോഗിക്കുന്നത്?

-സാമ്പത്തികം

6.ലോക കമ്പ്യൂട്ടർ സാക്ഷരതാദിനം എന്നാണ്?

ഡിസംബർ -2

7.വേൾഡ് വൈഡ് വെബ് ന്റെ ഉപജ്ഞാതാവ് ?

-ടിം ബെർണേഴ്സ് ലീ

8.കേരളം സർക്കാരിന്റെ കമ്പ്യൂട്ടർ സാക്ഷരത പദ്ധതിയായ അക്ഷയ ആദ്യമായിനടപ്പിലാക്കിയ ജില്ല?

-മലപ്പുറം.

കിരൺ.സി 8A

# ജനറൽ ക്വിസ്

1.ലോകത്തിലെ ഏറ്റവും ഉയരമുള്ള കെട്ടിടം ഏത്?

ബുർജ് ഖലീഫ

2.ലോകത്തിലെ ഏറ്റവും വലിയ രാജ്യം ഏത്?

റഷ്യ

3. ലോകത്തിലെ ഏറ്റവും ചെറിയ ഭൂഖണ്ഡം ഏത്?

ഓസ്ട്രേലിയ

4.സമാധാനത്തിനുള്ള നൊബേൽ സമ്മാനം 2009-ൽ നേടിയത് ആരാണ്?

ബരാക് ഒബാമ

5. ഹിറ്റലറുടെ നാസിപ്പടയാളികളുടെ ആക്രമണത്തിൽ നിന്നു രക്ഷപ്പെടാനായി ഒളിച്ചിരുന്ന് ഡയറിക്കുറിപ്പുകൾ എഴുതിയ ഹോളണ്ടുകാരിയായ പെൺകുട്ടി?

ആൻ ഫ്രാങ്ക്

6.രണ്ടു രാജ്യങ്ങളെ വേർതിരിക്കുന്ന അതിർത്തി രേഖയാണ് മക് മോഹൻ ലൈൻ ഏതൊക്കെയാണ് ആ രാജ്യങ്ങൾ?

ഇന്ത്യയും ചൈനയും

7.ചൈനക്കാർ സാങ്പോ എന്നു വിളിക്കുന്ന ഒരു നദിയുണ്ട് ഈ നദിയുടെ നമ്മുടെനാട്ടിലെ പേരെന്താണ്?

ബ്രഹ്മപുത്ര

8.ഏതു മരത്തിന്റെ ഇലകളാണ് ഐക്യരാഷ്ട്രസഭയുടെ കൊടിയിൽ ചിത്രീകരിച്ചിരിക്കുന്നത്?

ഒലിവ്

9.ഏറ്റവും കൂടുതൽ രാജ്യങ്ങളുമായി അതിർത്തി പങ്കിടുന്ന യൂറോപ്യൻ രാജ്യം ഏതാണ്?

ജർമനി

10.ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആദ്യത്തെ വനിതാ പ്രസിഡന്റ് ആര്? ആനി ബസന്റ്



# സ്നേഹം

നമ്മൾ ഉപയോഗിക്കുന്ന ഒരു വാക്കാണ് സ്നേഹം,എന്നാൽ എന്താണ് സ്നേഹം? ഉത്തരം പലർക്കും പലതാണ്.ആരൊടെങ്കിലും നമ്മുക്ക് തോന്നുന്ന ഒരു വികാരമാണ് സ്നേഹം. അത് ആർക്കും പിടിച്ചെടുക്കാൻ കഴിയുന്നത്- അല്ല.വിലകൊടുത്താൽ കിട്ടുന്നതുമല്ല.പറ ഞ്ഞറിക്കാൻ പറ്റുന്നതുമല്ല.

നമ്മുക്ക് മാതാപിതാക്കളിൽ നിന്നും, സഹോദരങ്ങളിൽ ലഭിക്കുന്നത് അത്തരം ഒരു നല്ല അനുഭവമാണ്.സ്നേഹം എന്ന് പറയുന്നത് വെറും നാലക്ഷരത്തിൽ ഒതുങ്ങുന്നതല്ല .സ്നേഹം എവിടെയും ഉണ്ട്.

L-LISTEN

O-Overlook

V-Value

E-Encourage


ഏത്കല്ലിൽഉരച്ചാലും,ഏത്ത്രാസിൽവച്ചാലുംസ്നേഹം ഏപ്പോഴും ഉയർന്നേ ഇരിക്കു.ലോകത്തകളങ്കമില്ലാത്തത്സ്നേഹമാണ്, പക്ഷേ അതിൽ മായംചേർക്കാൻ ശ്രമിക്കുന്നവരുണ്ട്.ഏതു വാക്കിൽവാദിച്ചാലുംസ്നേഹത്തിനുല്ല്യസ്നേഹം.മാത്രമാണ് നൂറ് ജന്മം തപസ്സിരുന്നാലും കിട്ടുന്നത് .

മഞ്ജിമ 9A

# കൊച്ചു കുട്ടുകാരുടെ ചിത്രരചന









## ഡിജിറ്റൽ പൂക്കളം



ADITHYAN S 10 A

1




# സുഹൃത്തുക്കൾ

സുഹൃത്തുക്കൾ ഒരു അനുഗ്രഹമാണ്.ആവശ്യത്തിൽ സഹായിക്കുന്നവനാണ് യഥാർത്ഥ ചങ്ങാതി.പ്രതിസന്ധികളിൽ ഉപേക്ഷിച്ചുപോന്നവൻ യഥാർത്ഥ മിത്രമല്ല.ബന്ധമിത്രദികളേക്കാൾ ആശ്രയയോഗ്യനാണ് ഒരു യഥാർത്ഥമിത്രം. മനുഷ്യചോദനകളിൽ ഏറ്റവും ഉദാത്തമായ ഒന്നാണ് സുഹൃത്ബന്ധം സുഖത്തിൽ സഖിമാരനേകം . എന്നാൽ പ്രയാസങ്ങളിൽ തുണയേകാൻ യഥാർത്ഥമിത്രങ്ങളേ ഉണ്ടാവൂ. സുഹൃത്തുകൾ ഇല്ലെങ്കിൽ ജീവിതത്തിന് മധുരമോ സുഗന്ധമോ ഉണ്ടാവുകയില്ല.

ആത്മാർത്ഥതയും വിശ്യാസവുമാണ് സുഹൃദ് ബന്ധങ്ങളുടെ കാതൽ. ഇതില്ലത്ത ചങ്ങത്തങ്ങൾ പൊള്ളയായ വെറും നാട്യങ്ങളായി മാറുംമധുരമായി സംസാരിച്ചതു കൊണ്ടോ

1

നമ്മുടെ സന്തോഷങ്ങളിൽ ഭാഗമായതുകൊണ്ടോ ആരും നമ്മുടെ യഥാർത്ഥമിത്രമാവുന്നില്ല .അവർ നമ്മുടെ വിലപ്പെട്ട സമയവും സമ്പത്തും കൊള്ളയടിക്കുന്നവരാണ് .ചതിയന്മാരായ ചങ്ങതിമരെ എക്കാലത്തും എവിടെയും കാണാം എന്നാൽ സുഹൃത്തിനുവേണ്ടി പ്രണൻപോലും ത്യജിക്കാൻ സാന്നദ്ധരായവരേയും കാണാം. അത്തരക്കാർ വിരളമാണെന്നുമാത്രം.

സുഹൃത്തുകൾ ഇല്ലാത്ത ജീവിതം മരുഭമിക്ക് തുല്യമാണ്. ഭുമിക്ക് സൂര്യനെങ്ങനെയാണോ അങ്ങനെയാണ് മനുഷ്യൻ സുഹൃത്ത് ബന്ധങ്ങൾ ചങ്ങാതിമാരില്ലാത്തതാണ് ജീവിതത്തിലെ ഏറ്റവുംവലിയ ഒറ്റപ്പെടൽ കാരണം സുഹൃത്തുക്കൾ ഇല്ലാത്ത ജീവിതം മരുഭ്രമിക്ക് സമാനമാണ് ഭമിക്ക് സര്യനെങ്ങനെയാണോ അങ്ങനെയാണ് മനുഷ്യന് സുഹൃത്ത്ബന്ധങ്ങൾ ചങ്ങാതിമാരില്ലാത്തതാണ്. ജീവിതത്തിലെഏറ്റവും വലിയ ഒറ്റപ്പെടൽ കാരണം സുഹൃത്തുകൾ നമക്ക് ആത്മവിശ്വാസവും ധൈര്യവും നൽകുന്നതിനോടൊപ്പം നമ്മുടെ വിഷമങ്ങൾ അവരുടെ വിഷമങ്ങളായി കണ്ട് പ്രവർത്തിക്കുന്നു . ഒരു നല്ല സുഹൃത്ത് വേണമെന്നാഗ്രഹിക്കാത്തവരായി ആരുമില്ല.

എയ്ഞ്ചൽ 9A

# ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട

നമ്മുടെ സ്വരൂപത്തെ കാട്ടിത്തരുന്നത് കണ്ണാടിയാണ് .

കണ്ണാടിയിൽ നോക്കുമ്പോൾ നമുക്ക് നമ്മുടെ ഭാവവും രൂപവും കാണാൻ കഴിയുന്നു.

നമ്മുടെ ഭവപ്പകർച്ചകൾ അനുനിമിഷം കണ്ണാടിയിൽ കാണുന്നു

എപ്രകാരമാണോ കണണാടി നമ്മെ നമുക്ക് കാട്ടിതരുന്നത് ആ ജോലി ആണ് ഒരു നല്ല ചങ്ങാതി ചെയ്യുന്നത് നമ്മുക്ക് നന്നാവാൻ ഇതിലും നല്ല ഒരു ഉപാധിയുണ്ടോ?

സുഹൃത്ത് എന്ന ശബ്ദം തന്നെ പറയുന്നു.

"നമ്മുടെ ഹൃദയത്തിന് ഹൃദ്യത പകരുന്നവനാരോ അവൻ തന്നെ സുഹൃത്ത് "

യഥാർത സുഹൃത്തിനെകുറിച്ച് ഇംഗ്ലീഷിൽ ഒരു പറച്ചിലുണ്ട്.

## 'A FRIEND IS NEED A FRIEND INDEED'

ആൽടിൻ.8A

# കടങ്കഥകൾ

1.വേലിപ്പൊത്തിൽ വൈരക്കല്ല്. -മിന്നാമിനുങ്ങ്

2.അടിക്കാത്ത മുറ്റമേത്. -ആകാശം

3.ഇത്തിരി മുറ്റത്തൊത്തിരി വള്ളി. -കൈരേഖ

4.മുള്ള് വേലി വെട്ടി,ചള്ളുവേലി വെട്ടി, മധുരപ്പൊതി പൊളിച്ച് മാണിക്യക്കല്ലെടുത്തു.

-ചക്കപ്പഴം

5.ആയിരം കിളികൾക്കൊരുകൊക്ക. -വാഴക്കുല

6.മുള്ളുണ്ട് മൂർച്ചയില്ല,കയ്പ്പുണ്ട് കറിക്ക് നന്ന്. -പാവയ്ക്ക

7.എത്ര തല്ലുക്കൊണ്ടാലും നിലവിളിച്ചാലും കണ്ണീർ വരില്ല. -ചെണ്ട

8.ഒരമ്മ പെറ്റതെല്ലാം ചാടി ചാടി. -തവള

9.രാത്രിയിലെ രാജാവിന് രണ്ടായിരം കണ്ണ്. -ആകാശം

10.ഒരു നേരം മുന്നിൽ നിൽക്കും, ഒരു നേരം പിന്നിൽ നിൽക്കും . -നിഴൽ

11.ഇടവഴിയില്ലൂടൊരു കരിവടിയോടി... -പാമ്പ്

12.മണിയടിച്ചാൽ മലമ്പമ്പോട്ടം.. -തീവണ്ടി

13.രുചിയില്ല, മണമില്ല, എങ്കിലുമിത് അത്യാവശ്യം. - -വെള്ളം

14.വേലി നീളെ നീലക്കില്ല . -ശംഖുപുഷ്പം

മോനിക്ക.8A




# ഗുരുനാഥൻ

സ്നേഹമാം അമൃതുപൊഴിക്കും ഗുരുനാഥൻ
ഞങ്ങൾക്കെന്നും നല്ലതുചൊല്ലും ഗുരുനാഥൻ
എൻ ഗുരുനാഥൻ കണ്ടു വണങ്ങാൻ
എൻ ഗുരുനാഥന്റെ ഓർമ്മകൾ ഒക്കെയും
എന്നുമെന്നുള്ളിൽ തെളിഞ്ഞുണരുന്നു
തെറ്റുതിരുത്തി നേർവഴി അരുളും
സൽഗുരുവാണെൻ ഗുരുനാഥൻ
ഞങ്ങളിൽ കുട്ടികളിൽ ആതമാചൈതനത്യമേ
ആ നാമം ഞങ്ങൾ മറക്കാതിരിക്കട്ടെ

**അക്ഷയ് 8A**

# ജെ.അർ.സി



# Merits Awards....2018-2019....






# സേഫ്റ്റിക്ലബ്



# സ്കൂൾ കലോത്സവം








# പ്രതിഭയോടൊപ്പം ശിശുദിനത്തിൽ














കായിക ദിനം

# അധ്യാപകദിനം



# പഠനയാത്ര

**ഞങ്ങളുടെ സ്കൂൾ ജീവിതത്തിലെ ഏറ്റവും ദിവസങ്ങളായിരുന്നു 2019 ഒക്ടോബർ 1,2,3 .കാരണമെന്തെന്നാൽ കൂട്ടുകാരോടൊപ്പമുള്ള ഒരു ഉല്ലാസയാത്ര ഞങ്ങൾ ഏവരും കൊതിച്ചതാണ് .അതിനുവേണ്ടി പ്രിയപ്പെട്ട അധ്യാപകർ തിരഞ്ഞെടുത്ത സ്ഥലങ്ങളും അതിന് അനുയോജ്യമായിരുന്നു.**

മഞ്ഞിൽ കുളിച്ചു നിൽക്കുന്ന ഊട്ടി,ഹരിതഭമായ വയനാട്,ഉല്ലാസം തുളുമ്പുന്ന വീഗാലാന്റ് ഞങ്ങൾ നവംബർ ഒന്നാം തീയതി വൈകുന്നേരം6:30 തോടേപ്രാർത്ഥനാപൂർവ്വപുറപ്പെട്ടു.രണ്ട്ബസ്സുകളിലായിട്ടായിരുന്നു ഞങ്ങളുടെ യാത്ര.ബസ്സിനുള്ള പാട്ടും കളിയുമായി സമയം പോയത് അറിഞ്ഞതേയില്ല. രാത്രി ഭക്ഷണത്തിനായി മുഹമ്മയിലുള്ള 'Dine N Park' ൽ വണ്ടി നിർത്തി,ഭക്ഷണശേഷം വീണ്ടും ഞങ്ങൾ യാത്ര തുടർന്നു.

നവംബർ രണ്ട്,വെളുപ്പിന് 6 മണിയോടെഞങ്ങൾഊട്ടിയിൽഎത്തിച്ചേർന്നു.മഞ്ഞ് പുതച്ച ഊട്ടി കൂടുതൽ സുന്ദരിയായികാണപ്പെട്ടു.ഞങ്ങൾ അധ്യാപകരോടൊപ്പം ഊട്ടിയിലെ വിവിധ സ്ഥലങ്ങൾ കാണാൻ പുറപ്പെട്ടു.ആദ്യം Wax Museum, മഹാത്മാവായ

ഗാന്ധിജി,നെഹ്റു,ടാഗോർ തുടങ്ങിയവരുടെ ജീവൻ തുടിക്കുന്ന പ്രതിമകൾ കണ്ട് ഞങ്ങൾ ഷോപ്പിംഗിനു കുറച്ച് സമയം ചിലവഴിച്ചു.പിന്നീട് ഫിലിം സ്പോട്ടിലേക്കും വിജ്ഞാനപ്രദമായ Botanical garden ലേക്കും യാത്ര തിരിച്ചു. രാത്രിയിൽ മരം കോച്ചുന്ന തണുപ്പിൽ നിന്ന് രക്ഷനേടാനായി ഞങ്ങൾക്ക് campfire ഉണ്ടായിരുന്നു. ജീവിതത്തിലെ അവിസ്മരണീയമായ അനുഭമായിരുന്നുഈ യാത്ര ...... .

സൂബിന.എസ് .10A

# അമ്മമാർക്കുള്ള പരിശീലനം








# എഡിറ്റോറിയൽ ബോർഡ്.




ശ്രീമതി. വീണാ.എച്ച് .എസ് .ടി

ശ്രീമതി.നിർമ്മലാ മേരി. എച്ച് .എസ് .ടി

ജിനു .എസ് 9A

എയ്ഞ്ചൽ .എച്ച് 9A

അഥീന. വൈ 9A

വിഷ്ണുപ്രിയ .ആർ 9A

ജെനിഫർ.ഇ 9A

ജിപ്സ.എ 9A

കിരൺ.സി 8A

അനൈഡ. എം9A

# നന്ദി

സർവ്വശക്തനായ ദൈവതിന് ........നിർദ്ദേശങ്ങളും പ്രോത്സഹനവും തന്ന ഹെഡ്

മാസ്സറിന്....... ശക്തി പകർന്ന കമ്മറ്റി അംഗങ്ങൾക്ക് ..... വിദ്യലയത്തോടു

പ്രതിബന്ധത കാണിച്ച പൂർവ്വ വിദ്യർത്ഥകൾക്ക്....... ഡിസൈൻവർക്ക് ചെയ്ത

ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സഹഅധ്യാപകർക്ക് ......എല്ലാവർക്കും....

നന്ദി...നന്ദി....നന്ദി

എഡിറ്റർ